# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 309 | 10.5.2017- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.എം. നൗഷാദ്**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.കെ. ദാസൻ**
**ശ്രീ. എം. രാജഗോപാലൻ**

**മറുപടി**

ശ്രീ. പിണറായി വിജയൻ
*(മുഖ്യമന്ത്രി)*

എ) പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; ബോർഡ് വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

എ) പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. 2017 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് ക്ഷേമനിധിയിൽ 1,60,860 അംഗങ്ങളാണുള്ളത്. ഇത് പത്ത് ലക്ഷത്തിലേക്ക് ഉയർത്തുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. 20.12.2016 മുതൽ അംഗത്വത്തിനും അംശദായം അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമത്തിനായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് താഴെപറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

- പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം

| | | | |
|---|---|---|---|
| ബി) | മുപ്പതു ലക്ഷത്തിലധികം വരുന്ന പ്രവാസി കേരളീയരിൽ അഞ്ചു ശതമാനത്തിൽ താഴെ ആളുകൾ മാത്രം പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ തയ്യാറായത് മുഖ്യമായും ആനുകൂല്യങ്ങൾ അനാകർഷകമായതുകൊണ്ടാണ് എന്നതിനാൽ ഇതു പരിശോധിച്ച് പദ്ധതി ആകർഷകമാക്കാൻ നടപടിയെടുക്കുകയും സർക്കാർ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | ബി) | ബോർഡിൽ ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ 2% തുകയാണ് ബോർഡിലേക്കുള്ള സർക്കാർ വിഹിതം. പ്രവാസി ക്ഷേമനിധി കൂടുതൽ ആകർഷകമാക്കാനായി നിലവിലെ പെൻഷൻ 500/- രൂപയിൽ നിന്നും 2000/- രൂപ ആക്കി വർദ്ധിപ്പിക്കുമെന്ന് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് തുക വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | 60 വയസ്സുവരെ പ്രതിമാസം 300 രൂപ അടയ്ക്കുന്ന ആളിന് നിലവിലുള്ള പെൻഷൻ തീർത്തും അനാകർഷകമായതിനാൽ അത് ഉചിതമായി പരിഷ്കരിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുമോ? | സി) | 2017-18ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിലവിലുള്ള പെൻഷൻ 500 രൂപയിൽ നിന്നും 2000/-രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ